# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 8095 24.07.2012-ൽ മറുപടിയ്ക്ക്

ഔഷധസസ്യകൃഷി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്. ശർമ്മ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) ഔഷധ സസ്യങ്ങൾ വളർത്തുന്നതിനും അവയുടെ വ്യാപനത്തിനും വനം വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളെന്തൊക്കെയെന്ന് വ്യക്തമാക്കുമോ ; | എ) ഔഷധ സസ്യങ്ങൾ വളർത്തുന്നതിനും അവയുടെ വ്യാപനത്തിനുമായി നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡിന്റെ സഹായത്തോടെ പ്രധാനമായി 3 പദ്ധതികൾ വനം വകുപ്പ് നടപ്പിലാക്കിവരുന്നു. അവയുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. ഔഷധ ഗുണമുള്ള വൃക്ഷങ്ങൾ തേക്കു തോട്ടങ്ങളിൽ ഇടവിളയായി വച്ചു പിടിപ്പിക്കുന്നതിനുള്ള പദ്ധതി.<br>2. കേരളത്തിലെ ഔഷധ ഗുണമുള്ള പ്രധാന വൃക്ഷയിനങ്ങൾ നട്ടു വളർത്തുന്നതിനുള്ള പദ്ധതി.<br>3. കേരളത്തിലെ ഏറ്റവും ഔഷധ ഗുണമുള്ള പ്രധാന വൃക്ഷയിനങ്ങൾ(High Demanding Medicinal Tree Species) നട്ടു വളർത്തുന്നതിനുള്ള പദ്ധതി.<br>ഇത് കൂടാതെ വനം വകുപ്പിലെ സാമൂഹ്യ വനവൽക്കരണ വിഭാഗം നടപ്പിലാക്കി വരുന്ന ഹരിത കേരളം പദ്ധതി മുഖാന്തരം വിതരണം ചെയ്യുന്ന തൈകളിൽ ഗണ്യമായും ഔഷധ സസ്യങ്ങൾ ഉൾപ്പെടുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ്, കുട്ടനാട് പാക്കേജ് എന്നിവയിൽ ഉൾപ്പെടുത്തിയും പൊതുജനങ്ങൾക്ക് ഔഷധ സസ്യങ്ങൾ വിതരണം ചെയ്തുവരുന്നു.<br>കേന്ദ്ര സർക്കാരിന്റെ NMPB യുടെ ധന സഹായത്തോടെ 2007-09 വർഷം നടപ്പാക്കിയ സ്കൂളിൽ ഒരു ഔഷധ തോട്ടം പദ്ധതി പ്രകാരം 278 സ്കൂളുകളിലായി 51860 എണ്ണം വിവിധയിനം ഔഷധ സസ്യങ്ങൾ നട്ടു പിടിപ്പിച്ചിട്ടുണ്ട്.<br>മേൽപ്പറഞ്ഞവ കൂടാതെ |

കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ സഞ്ജീവനി വനം ഔഷധ തോട്ടത്തിൽ ഇരുന്നൂറോളം ഇനം ഔഷധ സസ്യങ്ങൾ നട്ടുവളർത്തി പരിപാലിച്ചു വരുന്നുണ്ട്. ഇവിടം സന്ദർശിക്കുന്ന സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും, പൊതുജനങ്ങൾക്കും വനം വന്യജീവി സംരക്ഷണം, പ്രകൃതി സംരക്ഷണം എന്നിവയുൾപ്പെടുത്തി ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു.

ബി) പൊതു സ്ഥാപനങ്ങൾ, സ്കൂളുകൾ എന്നിവ കേന്ദ്രീകരിച്ച് ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

ബി) ഹരിത കേരളം പദ്ധതി മുഖാന്തരം വിതരണം ചെയ്യുന്ന തൈകളിൽ ഗണ്യമായും ഔഷധ സസ്യങ്ങൾ ഉൾപ്പെടുത്തി ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വനം വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ വനം വകുപ്പ് നടത്തുന്ന ബോധവത്കരണ പരിപാടികളിൽ ഔഷധ സസ്യങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പൊതു സ്ഥാപനങ്ങൾ, സ്കൂളുകൾ എന്നിവ കേന്ദ്രീകരിച്ച് ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഫണ്ടിന്റേയും സ്ഥലത്തിന്റേയും ലഭ്യതയനുസരിച്ച് കൂടുതൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

സി) ഇത്തരമൊരു പദ്ധതിക്ക് സൗജന്യമായോ സബ്സിഡി നിരക്കിലോ ഔഷധസസ്യ തൈ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

സി) ഹരിത കേരളം പദ്ധതി പ്രകാരം ഉത്പാദിപ്പിക്കുന്ന ഔഷധ സസ്യങ്ങൾ സ്കൂളുകളും, കോളേജുകളും വഴി സൗജന്യമായി വിതരണം ചെയ്തു വരുന്നു.

പൊതു ജനങ്ങൾക്കും, പഞ്ചായത്തുകൾക്കും, സന്നദ്ധ സംഘടനകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും ഔഷധ സസ്യ തൈ വിതരണം സബ്സിഡി നിരക്കിൽ ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ